**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1927** **11-10-2024 - ൽ മറുപടിയ്ക്ക്**

**ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | 'ഒരു പഞ്ചായത്ത് ഒരു കളിക്കളം' പദ്ധതിയിൽ ഉൾപ്പെട്ട ആലത്തൂർ മണ്ഡലത്തിലെ കുഴൽമന്ദം പഞ്ചായത്തിലെ പെരികുന്നം ജി.എൽ.പി.എസ്. കളിക്കളം നിർമ്മാണപദ്ധതിയുടെ നിലവിലെ സ്ഥിതി എന്തെന്ന് അറിയിക്കാമോ; | (എ) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ ഉൾപ്പെടുന്ന ആലത്തൂർ നിയോജക മണ്ഡലത്തിലെ പെരിങ്കുന്നം ജി.എൽ.പി.എസ് കളിസ്ഥല നിർമ്മാണ പ്രവൃത്തിക്ക് ബഹു.ആലത്തൂർ നിയോജകമണ്ഡലം എം.എൽ.എയുടെ ആസ്തിവികസന ഫണ്ടിൽ നിന്നും 40 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. തുടർന്ന് പ്രസ്തുത പ്രവൃത്തിക്ക് കായികവകുപ്പിന്റെ പദ്ധതി വിഹിതം ആനുപാതികമായി ഉൾപ്പെടുത്തി 16.03.2024 ലെ എ3-554/23 നമ്പർ നടപടിക്രമം പ്രകാരം കായികയുവജനകാര്യ ഡയറക്ടർ 80 ലക്ഷം രൂപയുടെ സംയുക്ത ഭരണാനുമതിയും നൽകിയിട്ടുണ്ട്.<br><br>ആയതിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതിക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 75.11 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകുകയും 14.06.2024-ൽ ദർഘാസ് ക്ഷണിക്കുകയും ചെയ്തിരുന്നു. എന്നാൽ ആദ്യ ദർഘാസിൽ കരാറുകാരെ ലഭിക്കാത്ത സാഹചര്യത്തിൽ ടി പ്രവൃത്തിക്ക് 29.06.2024-ൽ റീ-ടെണ്ടർ ക്ഷണിക്കുകയും പ്രസ്തുത ടെണ്ടറിൽ ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ശ്രീ. സൂരജ്.യു, പാലക്കാട് എന്ന കരാറുകാരന് 03.10.2024-ൽ വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത കളിക്കളത്തിന്റെ നിർമ്മാണ പ്രവർത്തനം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) | ടി പ്രവൃത്തിക്കായി കരാറുകാരനുമായി കരാറിൽ ഏർപ്പെട്ട ശേഷം പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ